# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ആൻസി പോൾ . സി | : | അംഗം |
| ഫ്രാൻസിസ്. എ. സി | : | അംഗം |

**ഒ.പി. നം. 99 /2023-24**

**പരാതിക്കാരൻ :**

1. **ശ്രീ.** സെയ്തലവി എം. പി, **മേക്കാലം പാടത്ത്, പന്തീരാങ്കാവ് പി. ഒ, കോഴിക്കോട്–673 019.**

**എതിർകക്ഷികൾ :**

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മാങ്കാവ്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പന്തീരാങ്കാവ്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

# ഉത്തരവ്

പരാതി:-

പരാതിക്കാരന് പന്തീരാങ്കാവ് ഇലക്ട്രിക്കൽ സെക്ഷനിൽ 1166371000945 എന്ന കൺസ്യൂമർനമ്പറിൽ ഗാർഹിക താരിഫിലുള്ള ഒരു സർവ്വീസ് കണക്ഷനുണ്ട്. ടി പ്രിമിസസിലെ മീറ്റർ 01/2022 മുതൽ 05/2022 വരെ തകരാറിലായിരുന്നതിനാൽ ഈ കാലയളവിലെ 2 ബില്ലുകൾ, തകരാറിലായിരുന്നതിന് മുൻപുള്ള മൂന്നുമാസത്തെ ശരാശരി ഉപഭോഗത്തെ അടിസ്ഥാനമാക്കി റിവൈസ് ചെയ്ത് 1,701/- രൂപയുടെ ഒരു ഷോർട്ട് അസസ്സ്മെന്റ് ബിൽ എതിർകക്ഷി നൽകി. ടി സമയത്ത് വീട്ടിൽ ആൾതാമസമില്ലായിരുന്നു എന്നും ഈ അധിക തുക യാതൊരുകാരണവശാലും അടക്കേണ്ടതില്ലെന്നും പരാതിക്കാരൻ അറിയിക്കുന്നു.

പരാതിക്കാരന്റെ വിശദീകരണം:-

2022 മെയ്യ് മാസം വരെ പരാതിക്കാരന്റെ വീട്ടിൽ ആൾതാമസമില്ലായിരുന്നെന്നും മിനിമം ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചിരുന്നുവെന്നും പരാതിക്കാരൻ അറിയിക്കുന്നു. എന്നാൽ മീറ്റർ തകരാറിലായി എന്ന കാരണം കാണിച്ച് കെ എസ് ഇ ബി ശരാശരി റീഡിംഗ് എടുത്തത് ആൾതാമസത്തിനുശേഷമുള്ള ബില്ലായതിനാൽ ശരാശരി തുക കൂട്ടിചേർക്കേണ്ടിയുംവന്നു. ആയതിനാൽ മീറ്റർ തകരാറിലാവുന്നതിന് മുൻപുള്ള ശരാശരി ബിൽതുക കണക്കാക്കി മിനിമംചാർജ്ജിൽ വൈദ്യുതി ഉപഭോഗം ഇല്ലാത്ത കാലയളവാണെന്ന് വ്യക്തമാക്കാൻ കെ എസ് ഇ ബി യുടെ ഭാഗത്തുനിന്ന് സഹകരണം ആവശ്യമാണെന്നും അധിക തുക യാതൊരുകാരണവശാലും അടക്കേണ്ടതില്ലെന്നും പരാതിക്കാരൻ വ്യക്തമാക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

പന്തീരാങ്കാവ് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ശ്രീ. ഇമ്പിച്ചിബീവി എം. പി എന്നവരുടെ പേരിൽ 360 കണക്റ്റഡ് ലോഡോടുകൂടി ഗാർഹിക താരിഫിൽ റജിസ്റ്റർ ചെയ്തിട്ടുള്ള സിംഗിൾ ഫേസ് കണക്ഷനാണ് കൺസ്യൂമർ നമ്പർ 1166371000945. ടി പ്രിമിസസിലെ മീറ്റർ 01/2022 മുതൽ 05/2022 വരെ തകരാറിലായിരുന്നു, 31-05-2022 ന് മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിച്ചു. ഈ കാലയളവിൽ വളരെ കുറഞ്ഞ ഉപഭോഗത്തിനാണ് പരാതിക്കാരന് ബിൽ നൽകിയതെന്ന് 30-09-2023 ലെ റീജിണൽ ഓഡിറ്റ് ഓഫീസ് നടത്തിയ

ഓഡിറ്റിൽ കണ്ടെത്തുകയും മീറ്റർ തകരാറിലായ കാലയളവിൽ ബാക്ക് അസസ്സ്മെന്റ് ചെയ്യുന്നതിന് ശരാശരി ഉപഭോഗം കണക്കാക്കുകയുമുണ്ടായി. കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റഗുലേഷൻ 125(1) പ്രകാരം, മീറ്റർ കേടാകുന്നതിന് തൊട്ടുമുൻപുള്ള മൂന്ന് ബില്ലിംഗ് സൈക്കിളുകളിലെ ഉപഭോഗം എടുത്ത് ശരാശരി കണക്കാക്കിയപ്പോൾ 275 യൂണിറ്റ് വരുന്നതായികണ്ടു. ആയതിനാൽ ശരാശരി ഉപഭോഗം 2 ബില്ലുകളിലേക്ക് ബാക്ക് അസസ്സ് ചെയ്തുകൊടുക്കുകയാണ് ചെയ്തത്. പുതിയ മീറ്റർ ലഭ്യമല്ലാത്തതിനാൽ മീറ്റർ ഉടൻ തന്നെ മാറ്റാനും സാധിച്ചിരുന്നില്ല.

ടി പ്രിമിസസിലെ മീറ്റർ കേടാകുന്നതിന് മുൻപുള്ള ഉപഭോഗം കൂടുതലായിരുന്നെന്നും എന്നാൽ ബാക്ക് അസസ്സ് ചെയ്ത 03/2022 ലും 05/2022 ലും വളരെ കുറഞ്ഞ ഉപഭോഗമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അതുകൊണ്ടാണ് മീറ്റർ ഫോൾട്ടിയാക്കിയതെന്നും എതിർകക്ഷി അറിയിക്കുന്നു. 03/2022 ലെയും 05/2022 ലെയും ബില്ലിംഗ് പിരീഡിന് തൊട്ടുമുൻപുള്ള ബില്ലുകളിൽ 316, 326 യൂണിറ്റാണ് ഉപഭോഗം. അതുകൊണ്ടുതന്നെ 05/2022 വരെ ടി പ്രിമിസസിൽ ആൾതാമസമില്ലായിരുന്നെന്നു പറയുന്നത് ശരിയല്ല. ആയതിനാലാണ് റീജിണൽ ഓഡിറ്റ് ഓഫീസിന്റെ ഓഡിറ്റിൽ ബാക്ക് അസസ്സ്മെന്റ് ബില്ല് ചെയ്തതും അതുപ്രകാരം, പരാതിക്കാരന് ബില്ല് നൽകിയതും. കൂടാതെ ശരാശരി കണക്കാക്കാൻ മീറ്റർ തകരാറിലായ 03-2022 ന് തൊട്ടുമുൻപുള്ള 09/2021, 11/2021, 01/2022 എന്നീ ബില്ലുകളുടെ ഉപഭോഗമാണ് എടുത്തിട്ടുള്ളത്. അതുകൊണ്ടുതന്നെ മീറ്റർ മാറ്റിയതിനു ശേഷവും താമസം തുടങ്ങിയശേഷവുമുള്ള ഉപഭോഗമാണ് ശരാശരി കണക്കാക്കാൻ എടുത്തത് എന്ന പരാതിക്കാരന്റെ വാദം ശരിയല്ല.

ഉപയോഗിച്ച വൈദ്യുതിക്കുള്ള തുക ഏതൊരു ഉപഭോക്താവും അടക്കണമെന്നിരിക്കെ ലൈസൻസിയുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധക്കുറവ് കാരണമോ വീഴ്ചകാരണമോ അടക്കേണ്ടതായ വൈദ്യുതിചാർജ്ജ് അടക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ലെന്നും എതിർകക്ഷി ബോധിപ്പിക്കുന്നു. പരാതിക്കാരന് ബാക്ക് അസസ്സ്മെന്റ് ബില്ല് നൽകിയിട്ടുണ്ടെങ്കിലും യാതൊരു പിഴപലിശയും ടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്നും ആയതിനാൽ പരാതി തള്ളി ടി തുക പരാതിക്കാരനിൽ നിന്നും അടവാക്കുന്നതിന് നിർദ്ദേശം നൽകണമെന്നും എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

**<u>അവലോകനവും കണ്ടെത്തലും:-</u>**

ഈ കേസിന്റെ വിചാരണ 20-03-2024 ന് കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

പരാതിക്കാരൻ 1166371000945 എന്ന കൺസ്യൂമർ നമ്പറിൽ ഗാർഹിക താരിഫിൽ പന്തീരാങ്കാവ് സെക്ഷനിലുള്ള ഉപഭോക്താവാണ്. ടി പ്രിമിസസിലെ മീറ്റർ 01/2022 മുതൽ 05/2022 വരെ തകരാറിലായിരുന്നു എന്നും 31-05-2022 ന് കേടായ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിച്ചിട്ടുണ്ട് എന്നും എതിർകക്ഷി അറിയിക്കുന്നു.

ടി കൺസ്യൂമർക്ക് മീറ്റർ കേടായ സമയത്ത് ശരാശരി ഉപഭോഗത്തിന്റെ ബില്ല് നൽകിയിട്ടില്ല എന്നും 30-09-2023 ലെ റീജിണൽ ഓഡിറ്റ് ഓഫീസിന്റെ ഓഡിറ്റിലെ പരാമർശം അനുസരിച്ച് കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 125(1) പ്രകാരം, മീറ്റർ കേടാകുന്നതിന് തൊട്ടുമുൻപുള്ള മൂന്ന് ബില്ലിംഗ് സൈക്കിളുകളിലെ ഉപഭോഗത്തിന്റെ ശരാശരി കണക്കാക്കി മീറ്റർ കേടായ സമയത്തെ 03/2022 ലെയും 05/2022 ലെയും 2 ബില്ലുകൾ റിവൈസ് ചെയ്ത് 1,701/-രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബില്ലാണ് നൽകിയിരിക്കുന്നത് എന്നും ആയത് നിയമാനുസൃതം ആണ് എന്നും ഫോറം മനസ്സിലാക്കുന്നു.

പരാതിക്കാരന്റെ ടി വീട് 2022 മെയ്യ് മാസം വരെ താമസമില്ലാതെ അടച്ചിട്ടിരിക്കുകയായിരുന്നു എന്ന് പരാതിക്കാരൻ അറിയിച്ചെങ്കിലും മീറ്റർ റീഡിംഗ് പരിശോധിച്ചതിൽ നിന്നും 01/2022 വരെ ടി പ്രിമിസസിൽ 284 യൂണിറ്റ് ശരാശരി ഉപഭോഗം ഉണ്ടായിരുന്നതായി ഫോറം മനസ്സിലാക്കുന്നു. കേടായ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിച്ചതിനു ശേഷവും 219 യൂണിറ്റിന്റെ ശരാശരി ഉപഭോഗം നടന്നതായി ഫോറം മനസ്സിലാക്കുന്നു. 05/2022 ന് മുൻപായിട്ട് ഏകദേശം 8 മാസത്തോളം ടി പ്രിമിസസിൽ താമസം ഇല്ലായിരുന്നു എന്ന പരാതിക്കാരന്റെ വാദം വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതല്ല എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു. മീറ്റർ കേടായ സമയത്ത് ടി പ്രിമിസസിൽ ആരും താമസിച്ചിരുന്നില്ല

എന്ന പരാതിക്കാരന്റെ വാദത്തെ സാധൂകരിക്കാനുള്ള ഒരു തെളിവും പരാതിക്കാരൻ ഹാജരാക്കിയിട്ടില്ല.

ആയതിനാൽ എതിർകക്ഷി നൽകിയ 1,701/-രൂപയുടെ നിയമാനുസൃത ബില്ല് പരാതിക്കാരൻ അടവാക്കേണ്ടതാണ് എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

<u>തീരുമാനം:-</u>

- പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് മാർച്ച് മാസം 30-)0 തിയ്യതി.

| *Sd/-* | *Sd/-* | *Sd/-* |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

Endt.on CGRF-NR/OP 99/2023-24/284 30/03/2024

<u>അയയ്ക്കുന്നത്:</u>

1. ശ്രീ. സെയ്തലവി എം. പി,
മേക്കാലം പാടത്ത്,
പന്തീരാങ്കാവ് പി. ഒ,
കോഴിക്കോട്-673 019.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം
എറണാകുളം,കേരള- 682016
(ഫോൺ 0484- 2346488)

2.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
മാങ്കാവ് ,കോഴിക്കോട് ജില്ല.

<u>കോപ്പി സമർപ്പിക്കുന്നത് :</u>
ചീഫ് എൻജിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്.,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ ഡിവിഷൻ, ഫറോക്ക്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,കോഴിക്കോട്.ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, പന്തിരാങ്കാവ്, കോഴിക്കോട്. ജില്ല.

Forwarded

**Sd/-**

**Chairperson**